DHS/2422/2023-EA2

I/157431/2024

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ജീവനക്കാര്യം:- ഡോ.ഡോ.അൻവർ സാദത്ത് വി അസിസ്റ്റൻറ് സർജൻ- സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു,

പരാമർശം:- 1. ഉത്തരവ് നം. ഇഎ2- 2422/2023/ആ.വ.ഡ തീയതി 31.05.2023
2.ഒഎ(ഇ കെ എം ) നം.1825 /2023 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ ഉത്തരവ് തീയതി 02.02.2024

**ഉത്തരവ് നം. ഇ.എ2-2422/2023/ആ.വ.ഡ തീയതി:15-02-2024**

ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ 2023 പൊതുസ്ഥലമാറ്റ അപേക്ഷയിലെ ഓപ്ഷനായ കുടുംബാരോഗ്യകേന്ദ്രം പാങ്ങിൽ നിലവിൽ ഉള്ള ഒഴിവിലേക്ക് പരിഗണിക്കുന്നതിനായി ഡോ.സലീല പി പി ഫയൽ ചെയ്ത ഒഎയിന്മേലുള്ള പരാമർശ ഉത്തരവിൽ ഡോ.സലീല പി പി യുടെ അപേക്ഷയും മലപ്പുറം ജില്ലയിലെ പാങ്ങ് കുടുംബാരോഗ്യകേന്ദ്രത്തിലെ നിലവിലുള്ള അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവിലേക്ക് മറ്റുള്ളവരുടെ അപേക്ഷയ്ക്ക് ഒപ്പം അർഹതയ്ക്ക് അനുസരിച്ചു പരിഗണിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു. 2023 പൊതുസ്ഥലം മാറ്റത്തിലെ അപേക്ഷകൾ പ്രകാരം പാങ്ങ് കുടുംബാരോഗ്യകേന്ദ്രത്തിലെക്കുള്ള ക്യൂ ലിസ്റ്റ് പ്രകാരം പൊതുസ്ഥലം മാറ്റത്തിൽ മലപ്പുറം ജില്ലയിലെ മഞ്ചേരി ജനറൽ ആശുപത്രിയിൽ നിന്നും മലപ്പുറം ജില്ലയിലെ അരീക്കോട് താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകിയ ഡോ.അൻവർ സാദത്ത് വി ക്കാണ് ഡോ.സലീല പി പി യേക്കാൾ സ്റ്റേഷൻ സീനിയോറിറ്റി.ആയതിനാൽ മലപ്പുറം ജില്ലയിലെ അരീക്കോട് താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് സർജനായ ഡോ.അൻവർ സാദത്ത് വി യെ (പെൻ.590734) മലപ്പുറം ജില്ലയിലെ പാങ്ങ് കുടുംബാരോഗ്യകേന്ദ്രത്തിലെ നിലവിലുള്ള അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.ബഹു .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലിന്റെ പരാമർശം(2) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 15-02-2024 17:49:30
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ.അൻവർ സാദത്ത് വി,അസിസ്റ്റന്റ് സർജൻ

I/157431/2024

പകർപ്പ് : 1. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം

2.രജിസ്ട്രാർ ,അഡ്വക്കേറ്റ് ജനറൽ ഓഫീസ് എറണാകുളം

3. ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം), മലപ്പുറം

4. ബന്ധപ്പെട്ട സൂപ്രണ്ട്/ മെഡിക്കൽ ആഫീസർമാർ